ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.12.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെൻറിൻറെ ഇരു സഭകളുടെയും സുഗമമായ നടത്തിപ്പ് ഉറപ്പാക്കാൻ ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം.

   Decision made to ensure smooth functioning of both houses of Parliament under chairmanship of Lok Sabha Speaker Om Birla.

2. ഫെൻജൽ ചുഴലിക്കാറ്റ് വടക്കൻ കേരളത്തിനും കർണാടകയ്ക്കും മുകളിലൂടെ നാളെ അറബിക്കടലിൽ പ്രവേശിക്കാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരളത്തിൽ അഞ്ച് ജില്ലകളിൽ ചുവപ്പ് ജാഗ്രത.

   Cyclone Fangal likely to enter Arabian Sea over Northern Kerala and Karnataka, red alert issued for 5 Kerala Districts.

3. ഭാവി വെല്ലുവിളികളെ നേരിടുന്നതിന് വിദ്യാഭ്യാസം, നൈപുണ്യ വികസനം എന്നിവയിലൂടെ യുവാക്കളെ ശാക്തീകരിക്കണമെന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ.

**Piyush Goyal stresses empowering youth through education and skill development to tackle future challenges.**

4. **പ്രധാനമന്ത്രി കൗശൽ വികാസ് യോജന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 94 ലക്ഷം പേർക്ക് പരിശീലനം നൽകിയതായി കേന്ദ്രമന്ത്രി ജയന്ത് ചൗധരി.**

**94 lakh people trained under Pradhan Mantri Kaushal Vikas Yojana in 2019-20, says Central Minister Jayant Chaudhary.**

5. **ISL ഫുട്ബോളിൽ ജംഷഡ്പൂർ F.C- മുഹമ്മദൻ S.C പോരാട്ടം. ഏഷ്യാ കപ്പ് ജൂനിയർ പുരുഷ ഹോക്കി സെമിയിൽ, ഇന്ത്യ മലേഷ്യയുമായി ഏറ്റുമുട്ടും.**

**In ISL Football: Jamshedpur F.C. to Face Mohammedan S.C.; India to Play Malaysia in Asia Cup Junior Men's Hockey Semifinal.**

**&&&&&&&&&&&&&&&&&&**

## PARLIAMENT - OM BIRLA

പാർലമെൻ്റിൻ്റെ ശീതകാല സമ്മേളനത്തിൽ ഇരു സഭകളുടെയും സുഗമമായ നടത്തിപ്പ് ഉറപ്പാക്കാൻ സർക്കാരും പ്രതിപക്ഷ പാർട്ടികളും സമവായത്തിലെത്തി. ലോകസഭാ സ്പീക്കർ ഓംബിർള പ്രതിപക്ഷ അംഗങ്ങളുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം. ഭരണഘടനാ വിഷയത്തിൽ ഈ

മാസം 13, 14 തീയതികളിൽ ലോക്സഭയിലും 16 ന് രാജ്യസഭയിലും പ്രത്യേക ചർച്ച നടക്കുമെന്ന് പാർലമെൻ്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. അതേസമയം പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഒരു പ്രമുഖ വ്യവസായ സംരംഭത്തിനെതിരായ കൈക്കൂലി ആരോപണം, ഉത്തർപ്രദേശിലെ സംഭലിലുണ്ടായ അക്രമം തുടങ്ങിയ വിഷയങ്ങളുയർത്തിയായിരുന്നു പ്രതിഷേധം.

**Editor:KRISHNA, Source: NEWSPOOL, CNRT:NARENDRAN, Reader: NARENDRA MOHAN, DEO:SANDHYA RANI G S**

## LS-SHIPPING BIL

തീരദേശ ഷിപ്പിംഗ് ബിൽ, 2024 ലോക്സഭയിൽ അവതരിപ്പിച്ചു. തീരദേശ ഷിപ്പിംഗ് നിയന്ത്രണവുമായി ബന്ധപ്പെട്ട നിയമം ഏകീകരിക്കുക, തീരദേശ വ്യാപാരവും ആഭ്യന്തര പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക എന്നിവാണ് ലക്ഷ്യം. ഇന്ത്യൻ കപ്പലുകൾക്ക് തീരദേശ വ്യാപാരത്തിൽ ഏർപ്പെടാൻ അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## LS PMKVY

പ്രധാനമന്ത്രി കൗശൽ വികാസ് യോജന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 94 ലക്ഷം പേർക്ക് പരിശീലനം നൽകിയതായി കേന്ദ്രമന്ത്രി ജയന്ത് ചൗധരി. ഈ സാമ്പത്തിക വർഷം 15 ലക്ഷം പേർക്ക് ഇതിലൂടെ ഗുണം ലഭിച്ചതായും അദ്ദേഹം ലോക്സഭയിൽ രേഖാമൂലം മറുപടി നൽകി. പ്രധാനമന്ത്രി ഇൻറേൺഷിപ്പ് പദ്ധതിയിൽ 3 ലക്ഷം ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തതായും അദ്ദേഹം സഭയെ അറിയിച്ചു.

&&&&&&&&&&&&&&&&&&

## LS-SKILL DEVELOPMENT

രാജ്യത്താകെ 202 മികവിൻറെ കേന്ദ്രങ്ങൾ സ്ഥാപിച്ചതായി കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി. പ്രധാനമന്ത്രി സൂര്യ ഘർ പദ്ധതിയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## LS STUBBLE BURNING

രാജ്യത്ത് കാർഷികാവശിഷ്ടങ്ങൾ കത്തിക്കുന്ന സംഭവങ്ങളിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 68 ശതമാനത്തിൻറെ കുറവുണ്ടായതായി കേന്ദ്രസർക്കാർ. കാർഷികാവശിഷ്ടങ്ങൾ കത്തിക്കുന്നതിന് ഏർപ്പെടുത്തിയ പിഴ ഈ വർഷം ഇരട്ടിയാക്കിയതായും കേന്ദ്ര പരിസ്ഥിതി

സഹമന്ത്രി കീർത്തിവർധൻ സിങ് ലോക്സഭയിൽ രേഖാമൂലം അറിയിച്ചു.

&&&&&&&&&&&&&&&&&&&

**RS/MURLIDHAR MOHOL,**

ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന വ്യോമയാന വിപണികളിലൊന്നാണ് ഇന്ത്യയെന്ന് കേന്ദ്ര സഹമന്ത്രി മുരളീധർ മൊഹോൽ. ആഗോളതലത്തിൽ മൂന്നാമത്തെ വലിയ ആഭ്യന്തര വ്യോമയാന വിപണിയായി ഇന്ത്യ മാറിയെന്നും അദ്ദേഹം രാജ്യസഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&

**RS-RAMMOHAN NAIDU**

രാജ്യത്ത് ഉഡാൻ പദ്ധതിക്ക് കീഴിൽ ഇതുവരെ 86 വിമാനത്താവളങ്ങളെ ബന്ധിപ്പിക്കുന്ന 609 റൂട്ടുകൾ പ്രവർത്തനക്ഷമമാക്കിയതായി കേന്ദ്ര മന്ത്രി കെ രാംമോഹൻ നായിഡു. ഇതിൽ 13 ഹെലിപോർട്ടുകളും രണ്ട് വാട്ടർ ഡ്രോമുകളും ഉൾപ്പെടുന്നതായും അദ്ദേഹം രാജ്യസഭയിൽ പറഞ്ഞു. 146 ലക്ഷത്തിലധികം ആഭ്യന്തര യാത്രക്കാർ സേവനം പ്രയോജനപ്പെടുത്തിയതായും ശ്രീ നായിഡു പറഞ്ഞു.

&&&&&&&&&&&&&&&&&&&

**RS-PMUY**

രാജ്യത്തെ പാചക വാതക ഉപയോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ പിഎം ഉജ്ജ്വല യോജനയിലൂടെ സാധിച്ചതായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. മുഴുവൻ പേർക്കും പാചകവാതക സിലിണ്ടറുകൾ ലഭ്യമാകുന്ന തരത്തിലേക്ക് നീങ്ങുകയാണെന്നും 2016ൽ ഇത് 62 ശതമാനമായിരുന്നു എന്നും അദ്ദേഹം പറഞ്ഞു. പെട്രോളിൽ എഥനോൾ കലർത്തുന്നതിലൂടെ കഴിഞ്ഞ വർഷം 28,400 കോടി രൂപയിലധികം വിദേശനാണ്യ ലാഭം ഉണ്ടായതായും കേന്ദ്രമന്ത്രി രാജ്യസഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**PREZ – IRS OFFICER– INTRO**

ഒരു ഏകീകൃത നികുതി വ്യവസ്ഥയിലൂടെയും ഭരണ മൂല്യങ്ങളിലൂടെയും ഇന്ത്യ റവന്യൂ സർവീസ് ഉദ്യോഗസ്ഥർ രാജ്യത്തെ സാമ്പത്തിക വ്യവസ്ഥയെ ബന്ധിപ്പിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമ്മു. രാഷ്ട്രപതി ഭവനിൽ ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീമതി മുർമ്മു.

(ഹോൾഡ് വോയ്സ്........)

കേന്ദ്ര സർക്കാർ- വ്യവസായികൾ, സംസ്ഥാനങ്ങൾ എന്നിവയെ ബന്ധിപ്പിക്കുന്നത് ഐആർഎസ് ഉദ്യോഗസ്ഥരാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## CYCLONE- TN

ഫെൻജൽ ചുഴലിക്കാറ്റിനെ തുടർന്ന് തമിഴ്നാട്ടിൽ മഴ ശക്തമായി തുടരുന്നു. പുതുച്ചേരിയിൽ നാലു പേർ കൊല്ലപ്പെട്ടു. രണ്ടു പേരെ കാണാതായി. തിരുവണ്ണാമലൈ, മയിലാടുതുറൈ, വെല്ലൂർ, റാണിപെട്ട് ജില്ലകളിലും കനത്ത നാശനഷ്ടമുണ്ടായി. അതേസമയം, ന്യൂന മർദ്ദമായി മാറിയ ഫെൻജൽ ചുഴലിക്കാറ്റ് വടക്കൻ കേരളത്തിനും കർണാടകയ്ക്കും മുകളിലൂടെ നാളെ അറബിക്കടലിൽ പ്രവേശിക്കാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## RAIN-KERALA

കേരളത്തിൽ ഇന്ന് അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ , കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം മുതൽ പാലക്കാട് വരെയുള്ള ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. കേരള - കർണ്ണാടക തീരത്ത് മറ്റന്നാൾ വരെയും ലക്ഷദ്വീപ് തീരത്ത് ഈ മാസം അഞ്ചുവരെയും മീൻപിടിത്തത്തിന് വിലക്ക്. കാസർകോട്, തൃശൂർ ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്

നാളെ അവധി പ്രഖ്യാപിച്ചു. അതിതീവ്ര മഴ മുന്നറിയിപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർഥിച്ചു.

&&&&&&&&&&&&&&&&&&

## Piyush Goyal (INTRO)

ഭാവി വെല്ലുവിളികളെ നേരിടുന്നതിന് വിദ്യാഭ്യാസം, നൈപുണ്യ വികസനം എന്നിവയിലൂടെ യുവാക്കളെ ശാക്തീകരിക്കേണ്ടതുണ്ടെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയുഷ് ഗോയൽ. കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ 29-ാമത് സഹകരണ യോഗത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്.....)

&&&&&&&&&&&&&&&&&&

## HOCKEY – JUNIOR ASIA CUP

ഏഷ്യാ കപ്പ് ജൂനിയർ പുരുഷ ഹോക്കി സെമിയിൽ, നിലവിലെ ചാമ്പ്യൻമാരായ ഇന്ത്യ നാളെ മലേഷ്യയുമായി ഏറ്റുമുട്ടും. മസ്കറ്റിൽ ഇന്ത്യൻ സമയം രാത്രി 8.30 നാണ് മത്സരം. ഇന്നലെ ദക്ഷിണ

കൊറിയയെ പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമി പ്രവേശനം നേടിയത്.

&&&&&&&&&&&&&&&&&&

## ISL

ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ F.C, മുഹമ്മദൻ S.C യെ നേരിടും. ജംഷഡ് പൂരിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## PM VISIT- CHANDIGARH

ഇന്ത്യയുടെ മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ വിലയിരുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ചണ്ഡീഗഢ് സന്ദർശിക്കും. പുതിയ നിയമങ്ങൾ നിലവിൽ വന്നതിനുശേഷം നിയമപാലനം, കോടതി നടപടിക്രമങ്ങൾ, തെളിവ് ശേഖരണം എന്നിവയിലുണ്ടായ പരിഷ്കാരങ്ങൾ പോലീസ് തത്സമയ പ്രകടനത്തിലൂടെ പ്രദർശിപ്പിക്കും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ചടങ്ങിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## NAVAL CHIEF-NAVY DAY

അടുത്ത 10 വർഷത്തിൽ 96 കപ്പലുകളും മുങ്ങിക്കപ്പലുകളും ഇന്ത്യൻ നാവിക സേനയുടെ ഭാഗമാക്കുമെന്ന് നാവികസേനാ മേധാവി അഡ്മിറൽ

ദിനേശ് കെ.ത്രിപാഠി. 62 കപ്പലുകളും ഒരു മുങ്ങിക്കപ്പലും നിർമ്മാണ ഘട്ടത്തിലാണെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നാവികദിനത്തോടനുബന്ധിച്ച് മാധ്യമ പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## UNITED NATIONS CONVENTION

ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ മരുഭൂവത്കരണത്തെ ചെറുക്കുന്നതിനുള്ള ലോകത്തിലെ ഏറ്റവും വലിയ കൺവെൻഷന് റിയാദിൽ തുടക്കമായി. 197 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്കൊപ്പം ഇന്ത്യയും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. ഈ മാസം 13 വരെയാണ് സമ്മേളനം.

&&&&&&&&&&&&&&&&&&

## UNITED NATIONS RELIEF GAZA

പലസ്തീൻ അഭയാർത്ഥികൾക്കായി ഐക്യ രാഷ്ട്ര സഭ കെരെം ഷാലോം വഴി ഗസയിലേക്കു എത്തിച്ചിരുന്ന മാനുഷിക സഹായങ്ങൾ താൽക്കാലികമായി നിർത്തിവച്ചു. നിരവധി ട്രക്കുകൾ കൊള്ളയടിക്കപ്പെട്ട പശ്ചാത്തലത്തിലാണ് തീരുമാനം.

&&&&&&&&&&&&&&&&&&&

## PREZ-AWARD

ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായുള്ള ദേശീയ പുരസ്കാരം അന്താരാഷ്ട്ര ഭിന്നശേഷിദിനമായ നാളെ രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ സമ്മാനിക്കും. മൊത്തം 22 പേർക്കും 11 സ്ഥാപനങ്ങൾക്കുമാണ് ദേശീയ പുരസ്കാരം നൽകുന്നത്.

&&&&&&&&&&&&&&&&&&&

## COAL

രാജ്യത്തിൻ്റെ മൊത്തം കൽക്കരി ഉൽപ്പാദനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം നവംബർ വരെ ,35 ശതമാനം വളർച്ച രേഖപ്പെടുത്തിയാതായി കൽക്കരി മന്ത്രാലയം .കൽക്കരി ഉൽപ്പാദനം കഴിഞ്ഞ എട്ട് മാസത്തിനുള്ളിൽ 112 ദശലക്ഷം ടണ്ണിൽ എത്തിയതായും മന്ത്രലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&

## DELHI-POLLUTION

ഡൽഹിയിൽ വായുഗുണനിലവാരത്തിൽ നേരിയ പുരോഗതി. എന്നാൽ വായുഗുണനിലവാര സൂചിക മോശം വിഭാഗത്തിൽ തന്നെ തുടരുകയാണ്. ഇന്ന് ഉച്ചയോടെ സൂചിക 274 രേഖപ്പെടുത്തി. അതേസമയം ചില നഗരങ്ങളിൽ

വായുഗുണനിലവാര സൂചിക 300 കടന്നതായും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&&

## IIS VIRENDRA – DIED

ഇന്ത്യൻ ഇൻഫർമേഷൻ സർവീസിലെ മുതിർന്ന ഉദ്യോഗസ്ഥനായ വീരേന്ദ്ര സിംഗ് ന്യൂഡൽഹിയിൽ അന്തരിച്ചു. ആകാശവാണിയിലെ ന്യൂസ് സർവീസസ് ഡിവിഷനിലായിരുന്നു നിലവിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചിരുന്നത്. പ്രതിരോധ മന്ത്രാലയത്തിന്റെ പബ്ലിക് റിലേഷൻസ് വകുപ്പിലും, വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ വിവിധ വിഭാഗങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&
&&&&&&&&&&&&&
&&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&